**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വ മിഷൻ നൽകിയ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച്, **2012-2015** കാലഘട്ടത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **41** ബയോ ഗ്യാസ് പ്ലാന്റുകൾ ജനറൽ വിഭാഗത്തിൽ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് സ്ഥാപിച്ച് നൽകിയ പൊന്നാനി നഗരസഭയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.387/2017/തസ്വഭവ തിരുവനന്തപുരം, തീയതി 10.02.2017

പരാമർശം - 1. പൊന്നാനി നഗരസഭ ചെയർമാന്റെ 19.07.2016 ലെ അപേക്ഷ

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.01.2017 ലെ 2822//C2/09/SM നമ്പർ കത്ത്

## <u>ഉത്തരവ്</u>

ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി 1 M3 ന്റെ 700 ബയോഗ്യാസ് പ്ലാന്റുകളും 0.5 M3 ന്റെ 300 ബയോ ഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുവാൻ പൊന്നാനി നഗരസഭയ്ക്ക് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭിച്ചിരുന്നതിനാൽ ആയത് നടപ്പിലാക്കുവാൻ ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസിയായ റെയ്ഡ്കോയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിരുന്നതായും, എന്നാൽ 2012 മുതൽ 2015 വരെ കാലഘട്ടത്തിൽ വാർഷിക പദ്ധതിയിൽ പട്ടിക ജാതി വിഭാഗത്തിന് മാത്രമാണ് പദ്ധതി അംഗീകാരം കിട്ടിയിരുന്നതെങ്കിലും ഈ കാലയളവിൽ 41 ബയോ ഗ്യാസ് പ്ലാന്റുകൾ ജനറൽ വിഭാഗത്തിൽ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് കൊണ്ട് നഗരസഭ സ്ഥാപിച്ച് നൽകിയതായും, ഈ ഇനത്തിൽ റെയ്ഡ്കോയ്ക്ക് 5,33,000/-രൂപ (അഞ്ചു ലക്ഷത്തിമുപ്പത്തിമൂവായിരം രൂപ) നല്കാനുണ്ടെന്നും പരാമർശം1 പ്രകാരം പൊന്നാനി നഗരസഭ ചെയർമാൻ അറിയിച്ചിരിക്കുന്നു. സാങ്കേതിക അനുമതി വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയ നഗരസഭയുടെ നടപടിക്ക് സാധൂകരണം നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

2) സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് സദുദ്ദേശത്തോടെ സ്ഥാപിച്ച 41 ബയോഗ്യാസ് പ്ലാന്റുകൾക്ക് 13,000/- രൂപ നിരക്കിൽ സർക്കാർ സാധൂകരണം ലഭ്യമാക്കിയെങ്കിൽ മാത്രമേ പുതുക്കിയ സാങ്കേതിക അനുമതി നൽകി ആയതുമായി ബന്ധപ്പെട്ട തുക നൽകുവാൻ കഴിയുകയുള്ളൂവെന്നും ഇതിനുള്ള നടപടി

സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

3) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ നൽകിയ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് **2012** മുതൽ **2015** വരെ കാലഘട്ടത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **41** ബയോ ഗ്യാസ് പ്ലാന്റുകൾ ജനറൽ വിഭാഗത്തിൽ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് സ്ഥാപിച്ചു നൽകിയ പൊന്നാനി നഗരസഭയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി. സന്തോഷ്

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, പൊന്നാനി നഗരസഭ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ